"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വിജിലൻസ് വകുപ്പ് -വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയിൽ പബ്ലിക് പ്രോസിക്യൂട്ടർ തസ്തികയിൽ കരാറടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട അഭിഭാഷകരുടെ സേവന കാലയളവ് ദീർഘിപ്പിച്ച് ഉത്തരവു പുറപ്പെടുവിക്കുന്നു.

---

**വിജിലൻസ് (സി) വകുപ്പ്**

സ.ഉ.(സാധാ) നം.184/2023/VIG തീയതി,തിരുവനന്തപുരം, 03-11-2023

---

പരാമർശം:-
1. 9.7.2019 ലെ സ.ഉ(അച്ചടി) നം. 81/2019/ധന
2. 18.11.2022 ലെ സ.ഉ(സാധാ) നം.137/2022/വിജി
3. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 07.10.2023 ലെ A5-27887/2021/DVACB നമ്പർ കത്ത്

**<u>ഉത്തരവ്</u>**

വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയിലെ പബ്ലിക് പ്രോസിക്യൂട്ടർ തസ്തികകളിലെ ഒഴിവുകളിലേക്ക് **ശ്രീമതി. സരിത വി.എ., ശ്രീ. സ്റ്റാലിൻ ഇ.ആർ., ശ്രീമതി. ഉഷാകുമാരി കെ., ശ്രീ. അരുൺ നാഥ് കെ.** എന്നീ നാല് അഭിഭാഷകരെ പരാമർശം (2) സർക്കാർ ഉത്തരവിൻ പ്രകാരം യഥാക്രമം മൂവാറ്റുപുഴ വിജിലൻസ് കോടതി, തൃശ്ശൂർ വിജിലൻസ് കോടതി, തലശ്ശേരി വിജിലൻസ് കോടതി, കോഴിക്കോട് വിജിലൻസ് ട്രൈബ്യൂണൽ എന്നിവിടങ്ങളിൽ കരാർ അടിസ്ഥാനത്തിൽ നിയമിക്കുകയുണ്ടായി. പ്രസ്തുത കരാർ നിയമനം ഒരു വർഷത്തേക്കോ അല്ലെങ്കിൽ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന റെഗുലർ നിയമനം നടക്കുന്നതുവരെയോ ഏതാണോ ആദ്യം അതുവരെ ആയിരിക്കും എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ അഭിഭാഷകരുടെ സേവന കാലാവധി 20.11.2023 തീയതിയിൽ അവസാനിക്കുകയാണ്. ഇവരുടെ സേവനം തൃപ്തികരമാണെന്ന് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ പരാമർശം ( 3 ) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ പരാമർശം( 2 ) പ്രകാരം പബ്ലിക് പ്രോസിക്യൂട്ടർ തസ്തികയിൽ കരാറടിസ്ഥാനത്തിൽ നിയമിതരായ നാല് അഭിഭാഷകരുടെ സേവന കാലാവധി 21.11.2023 മുതൽ ഒരു വർഷത്തേക്കോ അല്ലെങ്കിൽ പി.എസ്.സി മുഖേന റെഗുലർ നിയമനം നടക്കുന്നതുവരെയോ, ഏതാണോ ആദ്യം, അതുവരെ ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവു പുറപ്പെടുവിക്കുന്നു.

2. നിയമനം ദീർഘിപ്പിച്ചിട്ടുള്ള കാലയളവിലും പരാമർശം (2) സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ നിലനിൽക്കുന്നതാണ്.

3. നിയമനം ദീർഘിപ്പിച്ചു നൽകുന്ന കാലയളവിലേക്ക് അഭിഭാഷകർ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുമായി പുതിയ കരാറിൽ ഏർപ്പെടേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

മിനിമോൾ റ്റി

സ.ഉ.(സാധാ) നം.184/2023/VIG

അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
ബന്ധപ്പെട്ട പബ്ലിക് പ്രോസിക്യൂട്ടർമാർക്ക്(ഡയറക്ടർ മുഖാന്തിരം)
എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ്, മൂവാറ്റുപുഴ/തൃശ്ശൂർ/തലശ്ശേരി
വിജിലൻസ് ട്രൈബ്യൂണൽ, കോഴിക്കോട്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/ എ&ഇ), കേരളം, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
S S Deepu
Date: 03-11-2023 16:57:44
സെക്ഷൻ ഓഫീസർ

പകർപ്പ് :

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
വിജിലൻസ് വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ-യ്ക്ക്
വിജിലൻസ് വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ-യ്ക്ക്